പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4425 — 27.06.13 ൽ - മറുപടിക്ക്

## റേഷൻകടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ: | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ വിൽക്കുന്നതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ചാർജ്ജുചെയ്തിട്ടുണ്ട്; എത്ര റേഷൻ കടകളുടെ ലൈസൻസ് റദ്ദ് ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ ;

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം റേഷൻസാധനങ്ങൾ കരിഞ്ചന്തയിൽ വിൽക്കുന്നതുമായി ബന്ധപ്പെട്ട് ചാർജ് ചെയ്തിട്ടുള്ള കേസുകളുടെ എണ്ണവും ലൈസൻസ് റദ്ദ് ചെയ്തിട്ടുള്ള കടകളുടെ എണ്ണവും ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | കേസുകളുടെ എണ്ണം | താൽക്കാലികമായി സസ്പെൻഡു ചെയ്ത കടകൾ | ക്യാൻസൽ ചെയ്ത കടകൾ |
|---|---|---|---|
| തിരുവനന്തപുരം | 10,277 | 66 | 2 |
| കൊല്ലം | 12,193 | 10 | 3 |
| പത്തനംതിട്ട | 5,077 | 27 | -- |
| ആലപ്പുഴ | 7,299 | 10 | -- |
| കോട്ടയം | 6,671 | 19 | 10 |
| ഇടുക്കി | 6,206 | 18 | -- |
| എറണാകുളം | 9,638 | 12 | -- |
| തൃശ്ശൂർ | 10,021 | 155 | -- |
| പാലക്കാട് | 10,575 | 29 | 3 |
| മലപ്പുറം | 8,412 | 17 | 1 |
| കോഴിക്കോട് | 7,524 | 23 | -- |
| വയനാട് | 4,460 | 3 | 1 |
| കണ്ണൂർ | 6,426 | 13 | 1 |
| കാസർഗോഡ് | 2,655 | 9 | -- |
| ആകെ | 1,07,434 | 411 | 21 |

(ബി) റേഷൻ കടകളിൽ കമ്പ്യൂട്ടറൈസേഷൻ നടത്തുന്നതിന് വകുപ്പ് തലത്തിൽ തീരുമാനമെടുക്കുമോ; ആയത് നടപ്പിലാക്കുന്നതിനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കുമോ;

(ബി) ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം കേന്ദ്ര സർക്കാർ തയ്യാറാക്കിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പൊതുവിതരണ സംവിധാനം സമ്പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേക്കായുള്ള കരട് പ്രോജക്ട് റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഇത്തരത്തിൽ റേഷൻ കടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് എത്ര തുക ചെലവു വരും?

(സി) പൊതുവിതരണ സമ്പ്രദായം സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്ന പദ്ധതി നടപ്പിലാക്കുന്ന തിനായി തയ്യാറാക്കിയ ഡി.പി.ആർ. പ്രകാരം 498.96 കോടി രൂപ ചെലവു വരും. ഇതിൽ റേഷൻകടകളുടെ നവീകരണത്തിനായി 114.80 കോടി രൂപ ചെലവാകും.

സെക്ഷൻ ഓഫീസർ